## പെരുവയൽ ഗ്രാമപഞ്ചായത്ത്

പി.ഒ.പൂവ്വാട്ടുപറമ്പ്, കോഴിക്കോട് - 673008, ഫോൺ: 0495 2492049

*Email : peruvayalpanchayath@gmail.com*


തീയ്യതി-27/10/2025

ഫയൽ നമ്പർ-SC3-3296267-2025

പ്രേഷിതൻ

സെക്രട്ടറി,

പെരുവയൽ ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു. ഇന്റേണൽ വിജിലൻസ് ഓഫീസർ 2 & കൺവീനർ,

ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി

തദ്ദേശ സ്വയംഭരണ വകുപ്പ്,

കോഴിക്കോട്.

സർ,

വിഷയം: പെരുവയൽ ഗ്രാമപഞ്ചായത്ത് - ഉപജില്ലാ സ്ഥിരം അദാലത്ത് - റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. അങ്ങയുടെ ഓഫീസിലെ 21.10.2025 തീയ്യതിയിലെ IVO.2/2025 നമ്പർ കത്ത്.

2. ഹിയറിംഗ് ഷെഡ്യൂൾഡ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. അലവിക്കുട്ടി എന്നവരുടെ ഡോക്കറ്റ് നം. BPKZD21063000037 നമ്പർ പരാതി.

മേൽ സൂചനയിലേക്ക് സാദരം അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പുതുതായി നിർമ്മാണം പൂർത്തീകരിച്ച പാർപ്പിടത്തിന് പെരുവയൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലന്ന കാണിച്ച് ശ്രീ. അലവിക്കുട്ടി എന്നവർ സൂചന (2) പ്രകാരം അദാലത്ത് പോർട്ടലിൽ സമർപ്പിച്ച പരാതിയിൽ ബന്ധപ്പെട്ട ഫയൽ / റിപ്പോർട്ടുകൾ സഹിതം 30.10.2025 തീയ്യതിയിൽ രാവിലെ 11 മണിക്ക് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് നടക്കുന്ന ഉപജില്ലാ സ്ഥിരം അദാലത്തിൽ പങ്കെടുക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള അങ്ങയുടെ സൂചന (1) പ്രകാരമുള്ള കത്ത് ലഭ്യമായതിൽ താഴെ പ്രതിപാദിച്ചുള്ള പ്രകാരം മറുപടി സമർപ്പിക്കുന്നു.

പെരുവയൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറ്റിക്കാട്ടൂർ വില്ലേജിൽ റീ. സർവ്വേ നം. 69/118 ൽ പെട്ട 2.064 ആർസ് സ്ഥലത്ത് 05.08.2024 തീയ്യതിയിൽ അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം ശ്രീ. അലവിക്കുട്ടി ടി പി, ശ്രീമതി. ജമീല കെ എന്നവർ നിർമ്മാണം പൂർത്തീകരിച്ച 66.39 ച.മി ബിൽട്ടപ്പ് ഏരിയയുള്ള പാർപ്പിടത്തിന്റെ കംപ്ലീഷനായി 24.07.2025 തീയ്യതിയിൽ BPCN-00270896-2025 നമ്പറായി കെ-സ്മാർട്ട് മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. നിലവിലെ പഞ്ചായത്ത് ഭരണ സമിതിയുടെ കാലാവധി അവസാനിക്കാനിരിക്കെ പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളും തദ്ദേശ സ്വയംഭരണ തെരെഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളും ഉൾപ്പടെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന് അധിക ചുമതലയുണ്ടായതിനാൽ ടിയാളുടെ കംപ്ലീഷൻ അപേക്ഷയിൽ സമയ ബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിരുന്നില്ല.

നിർമ്മാണം കെ.പി.ബി.ആർ 2019 ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന സാങ്കേതിക വിഭാഗം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി നിർമ്മാണത്തിന് 22.10.2025 ൽ കംപ്ലീഷൻ അംഗീകരിച്ച് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനായി ടിയാളുകൾ 24.10.2025 തീയ്യതിയിൽ TXPT-01759320-2025 നമ്പറായി കെ-സ്മാർട്ട് മുഖേന ന്യൂ ടാക്സ് അസസ്മെന്റ് അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം ടി പാർപ്പിടത്തിന് 16/142-എ ആയി കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതുമാണെന്ന വിവരം അങ്ങയെ ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി,

പെരുവയൽ ഗ്രാമപഞ്ചായത്ത്

P. S. SINDHU
Secretary
Peruvayal Grama Panchayat
Poovattuparamba. P. O
9496048241